പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3085 10.12.2018 - ൽ മറുപടിക്ക്**

**അങ്കമാലി -മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ ശോചനീയാവസ്ഥ**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ : | | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി -മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) | ഉണ്ട്. പ്രളയത്തോടനുബന്ധിച്ച് ടി റോഡിന്റെ ഉപരിതലം പൊളിഞ്ഞുപോയിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ കുഴികളും ടാർ പ്രതലം ഇളകി മാറിയ ഭാഗവും പുനരുദ്ധരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br>(സി) കോടിക്കണക്കിന് തീർത്ഥാടകർ എത്തുന്ന മലയാറ്റൂരിലേക്കുള്ള പ്രസ്തുത റോഡിന്റെ തകർന്ന ഭാഗം പുനരുദ്ധരിക്കുന്നതിനോ റോഡ് പുതുക്കി പണിയുന്നതിനോ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ; | (ബി) & (സി) | മുൻകാലങ്ങളിലെ പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കാത്തതിനാലാണ് പുതിയ പ്രവർത്തികൾ നടപ്പിലാക്കാത്തത്. |
| (ഡി) പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ; എന്നാണ് ഉത്തരവ് കിട്ടിയത്; ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ എന്നും കോടതി ഉത്തരവ് നടപ്പിലാക്കുന്നതിലെ | (ഡി) & (ഇ) | ശ്രീ.എ.പി.ജോസഫ് ഫയൽ ചെയ്ത WP(C) നം.30006/2017 ലെ 12.01.2018 ലെ വിധിന്യായം പ്രകാരം ടി കേസിലെ 2,3 എതിർകക്ഷികൾക്കാണ് കോടതി നിർദ്ദേശം നൽകിയിരിക്കുന്നത്. ടി വിധിന്യായത്തിന്റെ |

| | | |
|---|---|---|
| | കാലതാമസത്തിന്റെ ഉത്തരവാദിത്തം ആർക്കാണെന്നും വിശദമാക്കാമോ ; | അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും അങ്കമാലി അസിസ്റ്റന്റ് എഞ്ചിനീയർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് ബഹു ഹൈക്കോടതിയുടെ 07.11.2018ലെ മറ്റൊരു ഉത്തരവ് 30.11.2018ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത റോഡുകളുടെ പ്രാധാന്യവും കോടതി ഉത്തരവും പരിഗണിച്ച് പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ ചീഫ് എഞ്ചിനീയർ നേരിട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ